**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3596** **14-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ മോട്ടോർ വാഹന വകുപ്പ് ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് മോട്ടോർ വാഹന വകുപ്പ് ക്യാമറ സ്ഥാപിച്ചിട്ടുള്ളത്; | (എ) | നിലവിൽ കോഴിക്കോട് ജില്ലയിൽ കുണ്ടുപറമ്പ്, അമ്പലപ്പടി, മൂടാടി, അയണിക്കാട്, വാവാട്, വാലംകുളം, മുണ്ടിക്കത്താഴം, മാങ്കൂട്ടം എന്നീ സ്ഥലങ്ങളിൽ ഒന്നു വീതവും കോഴിക്കോട് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിസരം, എലത്തൂർ , ചോമ്പാല, വടകര-ബസ്സ്റ്റാന്റ് പരിസരം, നട്ട്-സ്ട്രീറ്റ് എന്നിവിടങ്ങളിൽ രണ്ടു വീതവും പെരുവട്ടംതാഴ എന്ന സ്ഥലത്ത് മൂന്നും ക്യാമറ മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്യാമറകളെല്ലാം നിലവിൽ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ ഏതൊക്കെ ക്യാമറകളാണ് പ്രവർത്തനരഹിതമെന്ന് അറിയിക്കാമോ; | (ബി) | കോഴിക്കോട് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിസരത്തെ ക്യാമറകളും, വാവാട്, വാലംകുളം, മുണ്ടിക്കത്താഴം, മാങ്കൂട്ടം, മൂടാടി എന്നിവിടങ്ങളിലെ ക്യാമറകളും ഒഴികെ മറ്റു ക്യാമറകൾ റോഡ് പണികൾ, അപകടങ്ങൾ എന്നിവ മൂലം പ്രവർത്തന ക്ഷമമല്ല. പ്രവർത്തന ക്ഷമമല്ലാത്ത ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | റോഡുകളിൽ സ്ഥാപിച്ച ക്യാമറകൾക്ക് എ.എം.സി. നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കമ്പനികളാണ് അവ ഏറ്റെടുത്തിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | പ്രസ്തുത ക്യാമറകൾക്ക് എ.എം.സി. നിലവിലില്ല. കെൽട്രോണിന്റെ സഹകരണത്തോടെ എ.എം.സി. ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത ക്യാമറകളെല്ലാം പ്രവർത്തനക്ഷമമാക്കുവാനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | റോഡുവികസനത്തിന്റെ ഭാഗമായും, അല്ലാതെയും നീക്കം ചെയ്യപ്പെടുന്ന ക്യാമറകൾ പുതിയ സ്ഥാനങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ